# സി എം ആർ ടൈംസ്

## ചേന്ദമംഗല്ലൂർ എച്ച് എസ് എസ്

## ലിറ്റിൽ കൈറ്റ്സ്

ജൂൺ
2025

ചീഫ് എഡിറ്റർ : ഹാദി ഫാത്തിമ     എഡിറ്റർ : ഫാദിഹ ഒ    വേദ ലക്ഷ്മി ആർ ജെ    ഫാസ് അമീൻ    ആദിദേവ്

## ആനന്ദോത്സവമായി പ്രവേശനോത്സവം

ചേന്ദമംല്ലൂർ : ചേന്ദമംല്ലൂർ ഹയർസെക്കൻഡറി സ്കൂൾ 2025-26 വർഷത്തെ പ്രവേശനോത്സവം ഏറെ ഗംഭീരമായി പുതുമകളേറിയ പരിപാടികളോടെ ആലോഷിച്ചു. ആദ്യമായി സ്കൂളിലെത്തുന്ന കുട്ടികളെ ലിറ്റിൽ കൈറ്റ് ക്ലബിന്റെ നേതൃത്വത്തിൽ ഒരുക്കിയ സെൽഫി കോർണറിൽ നിന്നും സെൽഫി എടുത്തു കൊണ്ടാണ് സ്കൂൾ വരവേറ്റത്. ഇത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേറിട്ടൊരനുഭവമായി മാറി. എൻ സി സി യൂണിറ്റ് പരിസ്ഥിതി സൗഹൃദപരമായ പേപ്പർ പൂക്കൾ നൽകിയാണ് നവാഗതരെ സ്വീകരിച്ചത്. പേപ്പർ പൂക്കൾ നൽകുന്നതിലൂടെ പരിസ്ഥിതി സംരക്ഷണത്തിന്റെയും പുനരുപയോഗത്തിന്റെയും പ്രാധാന്യം മനസ്സിക്കൊടുക്കാൻ കഴിഞ്ഞു. തുടർന്ന് നവാഗതരെ മുഴുവൻ ഉൾപ്പെടുത്തികൊണ്ട് സ്കൂൾ തല പ്രവേശനോത്സവ പരിപാടി പ്രവേശനോത്സ ഗാനത്തിലൂടെ ആരംഭിച്ചു. പരിപാടിയിൽ ഹെഡ് മാസ്റ്റർ യുപി മുഹമ്മദലി സർ അധ്യക്ഷത വഹിച്ചു. പ്രവേശനോത്സവ പരിപാടിയുടെ ഉത്ഘാടനം പി.ടി.എ പ്രസിഡന്റ് അഡ്വ. ഉമർ പുതിയോട്ടിൽ നിർവ്വഹിച്ചു. ജമാൽ മാസ്റ്റർ സ്വാഗതവും അലി അഷ്റഫ് സർ, ബന്ന സർ റഹ്മാബി ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. സ്റ്റാഫ് സെക്രട്ടറി മഹ്റൂഫ് സർ നന്ദി പറഞ്ഞു. പ്രവേശനോത്സവ പരിപാടിയിൽ ഏറ്റവും ശ്രദ്ധേയമായത് വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും കലാ പ്രകടനങ്ങളായിരുന്നു. ഇതിൽ നൈഫ ഫാത്തിമയുടെ മാപ്പിളപ്പാട്ട് അമിക,മീര,ഷഹദ ഷെറിൻ എന്നിവരുടെ നാടൻ പാട്ട് ശ്രിയ ബിജുവിന്റേ സിനിമാറ്റിക് ഡാൻസ് തുടങ്ങിയവ പ്രവേശനോത്സവത്തിന്റെ മാറ്റ് കൂട്ടി. തുടർന്ന് സ്ക്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മധുരവിതരണവും നടത്തി.



## പരിസ്ഥിതി ദിനാഘോഷം

ജൂൺ 5: ചേന്ദമംഗലൂർ ഹയർസെക്കൻഡറി സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്, എൻസിസി യൂണിറ്റുകൾ ലോക പരിസ്ഥിതി ദിനം ആചരിക്കാൻ ഒത്തുകൂടി. പരിസ്ഥിതി സംരക്ഷണത്തോടുള്ള സ്കൂളിന്റെ പ്രതിബദ്ധതയുടെ പ്രതീകമായി ഹെഡ്മാസ്റ്റർ വൃക്ഷത്തൈ നട്ടുകൊണ്ടാണ് ചടങ്ങ് ഉദ്ഘാടനം ചെയ്തത്. ഗൈഡ് ക്യാപ്റ്റൻ ഡോ. ഐശ്വര്യ വി. ഗോപാൽ ചടങ്ങിന് അധ്യക്ഷത വഹിച്ചു, മുതിർന്ന അധ്യാപകരായ ബന്ന മാസ്റ്റർ, അബ്ദുൾ ഗഫൂർ മാസ്റ്റർ, അലി അഷ്റഫ് മാസ്റ്റർ എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു. പച്ചപ്പും സുസ്ഥിരതയും പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്കിടയിൽ തൈകൾ വിതരണം ചെയ്തു. എൻസിസി കേഡറ്റുകൾ, സ്കൗട്ടുകൾ, ഗൈഡുകൾ എന്നിവർ പരിസരം വൃത്തിയാക്കുന്നതിലും സ്കൂൾ പൂന്തോട്ടത്തിൽ തൈകൾ നടുന്നതിലും സജീവമായി പങ്കാളികളായി. സ്കൗട്ട് മാസ്റ്റർ ഫഹീം പി.പി , ഗൈഡ് ക്യാപ്റ്റർ നജ്മ ടി പി, ജാഗ്രത സമിതി കൺവീനർ ശ്രീമതി. റഹ്മാബി പി.വി, എൻസിസി ഓഫീസർ സന സുലൈഖ എം, എന്നിവർ പങ്കെടുത്തു. ഈ സംരംഭത്തിലൂടെ വിദ്യാർത്ഥികളെ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരികുക മാത്രമല്ല, ഹരിത ഭാവിയിലേക്ക് സംഭാവന നൽകാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.



## അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു

ചേന്ദമംഗലൂർ ഹയർ സെക്കൻഡറി സ്കൂളിലെ എൻസിസി യൂണിറ്റ് ജൂൺ 21 ന് അന്താരാഷ്ട്ര യോഗ ദിനം വളരെ ആവേശത്തോടെ ആഘോഷിച്ചു. സ്കൂൾ പോർട്ടിക്കോയിൽ നടന്ന പരിപാടിയിൽ 42 കാഡറ്റുകൾ പങ്കെടുത്തു. ശാരീരികവും മാനസികവുമായ ക്ഷേമം നിലനിർത്തുന്നതിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് മുഖ്യാതിഥിയായിരുന്ന ഹൈജീൻ ഹെൽത്ത് കെയറിന്റെ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. റസ്ന പർവീൺ ഊന്നിപ്പറഞ്ഞു. ചടങ്ങിൽ ഹെഡ്മാസ്റ്റർ മുഹമ്മദ് അലി യുപി അധ്യക്ഷത വഹിച്ചു, എൻസിസി ഓഫീസർ സന സുലൈഖ സ്വാഗതം പറഞ്ഞു. എഫ്/ഒ മുഹമ്മദ് അഷ്റഫ് പി.ടി ചടങ്ങിൽ സംസാരിച്ചു. യോഗ, ധ്യാനം, ശ്വസനരീതികൾ എന്നിവ ഉൾപ്പെട്ട സെഷൻ കേഡറ്റുകൾക്ക് വളരെ പ്രയോജനകരമായിരുന്നു. എൻസിസി കേഡറ്റുകൾക്ക് യോഗയുടെ സമഗ്രമായ നേട്ടങ്ങൾ അനുഭവിക്കാൻ ഈ പരിപാടി വിലപ്പെട്ട അവസരം നൽകി.



## നന്മതൻപുതുലഹരിയിലേക്ക്

ചേന്ദമംഗല്ലൂർ :ജൂൺ 26 ലഹരി ദിനത്തോടനുബന്ധിച്ച് സ്കൂൾ ജാഗ്രത സമിതിയുടെയും ജെ ആർ സി യുടെയും നേതൃത്വത്തിൽ ചേന്ദമംഗല്ലൂർ ഹൈസ്കൂളിൽ ലഹരി വിരുദ്ധ റാലിയും കടകളിൽ ബോധവത്കരണവും നടത്തി. ലഹരിക്കെതിരെയുള്ള പ്ലക്ക് കാർഡുകളും ഓരോ ജെ ആർ സി കാഡറ്റും തയ്യാറാക്കി ജീവിതത്തെ നശിപ്പിക്കും ലഹരിക്കെതിരെ സ്കൂളിൽ അണിനിരന്നു."ജീവിതമാണ് ലഹരി നന്മതൻ പുതുലഹരി "എന്ന സന്ദേശം സ്കൂളിലും പരിസരത്തും മുഴക്കി.



## ജൂൺ മാസത്തിലൂടെ.............

**ജൂൺ 2**
പ്രവേശനോത്സവം
ലിറ്റിൽ കൈറ്റ് സെൽഫി കോർണർ

**ജൂൺ 3**
പാഠം ഒന്ന് നല്ല പാഠം- സൗഹൃദമാണ് നേരി-മയക്കുമരുന്ന് ലഹരി ഉപയോഗങ്ങൾക്കെതിരെ

**ജൂൺ 4**
സഫലമീയാത്ര - റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ

**ജൂൺ 5**
ലോക പരിസ്ഥിതി ദിനം , പരിസ്ഥിതിദിന ക്വിസ് , തൈ നടൽ & ബോധവൽക്കരണം
നല്ല പാഠം - വ്യക്തിശുചിത്വം , പരിസര ശുചിത്വം , ഹരിത ക്യാമ്പസ്

**ജൂൺ 7**
ബലിപെരുന്നാൾ

**ജൂൺ 9**
നല്ല പാഠം ആരോഗ്യം വ്യായാമ ,കായികക്ഷമത

**ജൂൺ 10**
ആറാം പ്രവർത്തി ദിനം
നല്ല പാഠം - ഡിജിറ്റൽ അച്ചടക്കം

**ജൂൺ 11**
നല്ല പാഠം-പൊതുമുതൽ സംരക്ഷണം
ലിറ്റിൽ കൈറ്റ് അനിമേഷൻ ക്ലാസ്

**ജൂൺ 12**
നല്ല പാഠം-പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, റാഗിങ്, വൈകാരിക നിയന്ത്രണമില്ലാഴ്മ

**ജൂൺ 13**
നല്ല പാഠം-പൊതു ക്രോഡീകരണം
ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ലിറ്റിൽ കൈറ്റ് യൂണിറ്റ് പ്രവർത്തനത്തിന് A grade ലഭിച്ചു

**ജൂൺ 16**
അതി തീവ്ര മഴ കാരണം സ്കൂളിന് അവധി

**ജൂൺ 18**
ലിറ്റിൽ കൈറ്റ് അനിമേഷൻ ക്ലാസ്

**ജൂൺ 19**
വായനാ മാസാചരണം
ഞാൻ വായിച്ച പുസ്തകം റേഡിയോ അവതരണം (ജൂൺ 19 മുതൽ ജൂലൈ 16)

**ജൂൺ 22**
അന്താരാഷ്ട്ര യോഗാ ദിനം ആചരിച്ചു

**ജൂൺ 23**
വായനാ മാസാചരണം- ക്വിസ് മത്സരം
എൻ സി സി പുതിയി ബാച്ചിലേക്കുള്ള എഴുത്തു പരീക്ഷ

**ജൂൺ 24**
വായനാ മാസാചരണം കഥ , കവിത രചനാ മത്സരങ്ങൾ

**ജൂൺ 25**
ലിറ്റിൽ കൈറ്റ് 2025-28 ബാച്ചിലേക്കുള്ള അഭിരുചി പരീക്ഷ

**ജൂൺ 26**
ലോക ലഹരി വിരുദ്ധ ദിനം
ലഹരി ബോധവൽക്കരണം, പോസ്റ്റർ നിർമ്മാണം, പ്രതിജ്ഞ ,സെമിനാർ
ലിറ്റിൽ കൈറ്റ് അനിമേഷൻ ക്ലാസ്

**ജൂൺ 28**
എൻ എം എം എസ് സ്ക്രീനിംഗ് ടെസ്റ്റ്

**ജൂൺ 30**
എൻ സി സി ഫിസിക്കൽ ടെസ്റ്റ്

